13718
21/6/17

# കേരള സർക്കാർ

## സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പമ്പ് ഓപ്പറേറ്ററായി ജോലി ചെയ്തു വരവെ മരണപ്പെട്ട വി.വിശ്വംഭരന്റെ മകൾ കുമാരി.രാജേശ്വരി വി എസ് ന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പ്യൂൺ തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(എം എസ്) നം.13/2017/സാം.കാ.വ തീയതി,തിരുവനന്തപുരം,20.06.2017.**

പരാമർശം:- കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 09.01.2015, 18.02.2017 എന്നീ തിയതികളിലെ 1864/ഇ 2/14/കെ എസ് എഫ് ഡി സി നമ്പർ കത്തുകൾ

## ഉത്തരവ്

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പമ്പ് ഓപ്പറേറ്ററായി ജോലി ചെയ്തു വരവെ മരണപ്പെട്ട വി.വിശ്വംഭരന്റെ മകളായ കുമാരി.രാജേശ്വരി വി എസ് ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭ്യമാക്കിയതായും വി എച്ച് എസ് ഇ കോഴ്സ് പൂർത്തിയാക്കിയ അപേക്ഷക പ്യൂൺ തസ്തികയാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും മാതാപിതാക്കളുടെ മരണത്തെ തുടർന്ന് മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നുമില്ലാത്ത കുമാരി രാജേശ്വരിയ്ക്ക് നിയമനം നൽകുന്നതിന് തടസ്സമില്ല എന്നും പരാമർശ കത്തുകൾ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാതാപിതാക്കളുടെ മരണത്തെ തുടർന്ന് മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നുമില്ലാത്ത കുമാരി രാജേശ്വരി വി എസ് ന് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ടിയാളുടെ അപേക്ഷ പ്രത്യേക കേസായി പരിഗണിച്ച് കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷനിൽ പ്യൂൺ തസ്തികയിൽ നിയമനം നൽകുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. നിയമനം സംബന്ധിച്ച ഉത്തരവ് കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്. അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തെറ്റാണെന്നു ബോധ്യപ്പെടുന്ന പക്ഷം മേൽ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ, തിരുവനന്തപുരം
കുമാരി.രാജേശ്വരി, വരമ്പിൽ വീട്, കരുമം പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
[illegible]

പ്ലാനിംഗ് & ഇക്കോണോമിക്ക് അഫേയ്ഴ്സ് (ബി പി ഇ)വകുപ്പ്  (15.11.2016 ലെPLGEA-BPE/182/2016-PLGEA പ്രകാരം)
GA(SC) വകുപ്പ് (08.06.2017 ലെ ഇനം നമ്പർ 1086 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

AS
Rk
9/6

*രഹസ്യം*

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

9/6/17

### തീയതി : 08-06-2017

72 ഫയൽ നം.231/എ3/2015/സാം.കാ.വ. ഇനം നം: 1036

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ആശ്രിത നിയമനത്തിനായി കുമാരി രാജേശ്വരി വി.എസ്. സമർപ്പിച്ച അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

73. കരട് സ.ഉ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

12/6/17

B. SUNIL KUMAR
Deputy Secretary to Govt.
Cultural Affairs Department,
Govt. Secretariat,
Thiruvananthapuram

12/6/17

13/6/17
Geetha K
Additional Secretary
Cultural Affairs Dept
Govt. Sectt, Tvpm

Rk
15/6

റാണി ജോർജ്ജ് ഐ.എ.എസ്
ഗവൺമെന്റ് സെക്രട്ടറി
സാംസ്കാരിക കാര്യ വകുപ്പ്

# കേരള സർക്കാർ

**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**

**(മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)**

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | 231/എ 3/2015/സാം.കാ.വ. |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ആശ്രിത നിയമനത്തിനായി കുമാരി.രാജേശ്വരി വി.എസ്. സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 29/12/2016 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | ഉണ്ട് |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.എസ്.സജിനി |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 27/05/2017 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി.നളിനി നെറ്റോ |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27/05/2017 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02/06/2017 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 05/06/2017 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള ചലച്ചിത്ര വികസന കോർപ്പറേഷനിൽ പമ്പ് ഓപ്പറേറ്ററായി ജോലി ചെയ്തു വരവെ മരണപ്പെട്ട വി.വിശ്വംഭരന്റെ മകൾ കുമാരി.രാജേശ്വരി വി.എസ് ആശ്രിത നിയമനത്തിനായി ലഭ്യമാക്കിയ അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കുമാരി.രാജേശ്വരി വി.എസ് ന്റെ അപേക്ഷ കെ.എസ്.എഫ്.ഡി.സി. ഡയറക്ടർ ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ അപേക്ഷ ജില്ലാ കളക്ടർ ശുപാർശ ചെയ്യുകയും ആവശ്യമായ രേഖകൾ സഹിതം അയച്ചു തരുകയും ചെയ്തിട്ടുണ്ട്. അപേക്ഷക VHSE കോഴ്സ് പാസ്സായിട്ടുണ്ട്. കൂടാതെ പ്യൂൺ തസ്തികയാണ് ആവശ്യപ്പെട്ടിരിക്കുന്നതും. വി.വിശ്വംഭരന്റെ സർവ്വീസ് കെ.എസ്.എഫ്.ഡി.സി. ഡയറക്ടർ ബോർഡ് റഗുലറൈസ് ചെയ്തതായും ഇതു സംബന്ധിച്ച സർക്കാർ തീരുമാനത്തിന്റെ രേഖകളൊന്നും ലഭ്യമല്ലയെന്നും കെ.എസ്.എഫ്.ഡി.സി.യിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ട 1979 ന മുൻപ് കോർപ്പറേഷൻ നേരിട്ടാണ് നിയമനങ്ങൾ നടത്തിയിരുന്നതെന്നും അത്തരത്തിൽ 15.06.1977 ലെ മെമ്മോ നമ്പർ 86/77/കെ.എസ്.എഫ്.ഡി.സി. അഡ്മിൻ പ്രകാരം വാച്ച്മാൻ കം പമ്പ് ഓപ്പറേറ്റർ തസ്തികയിൽ നിയമിക്കപ്പെട്ടിട്ടുള്ളതാണ് വി.വിശ്വംഭരനെന്നും ടിയാളുടെ മകളായ കുമാരി.രാജേശ്വരി പ്യൂൺ തസ്തികയിൽ നിയമിക്കപ്പെടുവാൻ താത്പര്യം അറിയിച്ചിട്ടുണ്ടെന്നും എം.ഡി, കെ.എസ്.എഫ്.ഡി.സി അറിയിക്കുന്നു. കൂടാതെ കെ.എസ്.എഫ്.ഡി.സി.യിൽ 4 പ്യൂൺ തസ്തികകൾ ആശ്രിത നിയമനത്തിനായി നീക്കി വച്ചിട്ടുണ്ടെന്നും മാതാപിതാക്കളുടെ മരണത്തെ തുടർന്ന് മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നുമില്ലാത്ത കുമാരി.രാജേശ്വരിയ്ക്ക് മാനുഷിക പരിഗണന മുൻ നിർത്തി നിയമനം നൽകണമെന്നും എം.ഡി അഭ്യർത്ഥിച്ചിരിക്കുന്നു.

3) ഫയൽ അഭിപ്രായത്തിനായി പ്ലാനിംഗ് വകുപ്പിലേയ്ക്ക് അയച്ചിരുന്നു. പ്രസ്തുത വകുപ്പിൽ നിന്നും ലഭ്യമായ അഭിപ്രായം താഴെ ചേർക്കുന്നു.

"മരണമടഞ്ഞ വി.വിശ്വംഭരനെ സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ തീരുമാനം ഇല്ലാത്തതിനാൽ ജി.ഒ(പി) നം.32/2007/Plg dated 07.06.2007 പ്രകാരം കുമാരി രാജേശ്വരി ആശ്രിതനിയമനത്തിന് അർഹയല്ല. എന്നാൽ മാതാപിതാക്കളുടെ

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള ചലച്ചിത്ര വികസന കോർപ്പറേഷനിൽ പമ്പ് ഓപ്പറേറ്ററായി ജോലി ചെയ്ത വരവെ മരണപ്പെട്ട വി.വിശ്വംഭരന്റെ മകൾ കുമാരി.രാജേശ്വരി വി.എസ് ആശ്രിത നിയമനത്തിനായി ലഭ്യമാക്കിയ അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കുമാരി.രാജേശ്വരി . വി.എസ് ന്റെ അപേക്ഷ കെ.എസ്.എഫ്.ഡി.സി. ഡയറക്ടർ ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ അപേക്ഷ ജില്ലാ കളക്ടർ ശുപാർശ ചെയ്യുകയും ആവശ്യമായ രേഖകൾ സഹിതം അയച്ചു തരുകയും ചെയ്തിട്ടുണ്ട്. അപേക്ഷക VHSE കോഴ്സ് പാസ്സായിട്ടുണ്ട്. കൂടാതെ പ്യൂൺ തസ്തികയാണ് ആവശ്യപ്പെട്ടിരിക്കുന്നതും. വി.വിശ്വംഭരന്റെ സർവ്വീസ് കെ.എസ്.എഫ്.ഡി.സി. ഡയറക്ടർ ബോർഡ് റഗുലറൈസ് ചെയ്തതായും ഇതു സംബന്ധിച്ച സർക്കാർ തീരുമാനത്തിന്റെ രേഖകളൊന്നും ലഭ്യമല്ലയെന്നും കെ.എസ്.എഫ്.ഡി.സി.യിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക വിട്ട 1979 ന മുൻപ് കോർപ്പറേഷൻ നേരിട്ടാണ് നിയമനങ്ങൾ നടത്തിയിരുന്നതെന്നും അത്തരത്തിൽ 15.06.1977 ലെ മെമ്മോ നമ്പർ 86/77/കെ.എസ്.എഫ്.ഡി.സി. അഡ്മിൻ പ്രകാരം വാച്ച്മാൻ കം പമ്പ് ഓപ്പറേറ്റർ തസ്തികയിൽ നിയമിക്കപ്പെട്ടിട്ടുള്ളതാണ് വി.വിശ്വംഭരനെന്നും ടിയാളുടെ മകളായ കുമാരി.രാജേശ്വരി പ്യൂൺ തസ്തികയിൽ നിയമിക്കപ്പെടുവാൻ താത്പര്യം അറിയിച്ചിട്ടുണ്ടെന്നും എം.ഡി, കെ.എസ്.എഫ്.ഡി.സി അറിയിക്കുന്നു. കൂടാതെ കെ.എസ്.എഫ്.ഡി.സി.യിൽ 4 പ്യൂൺ തസ്തികകൾ ആശ്രിത നിയമനത്തിനായി നീക്കി വച്ചിട്ടുണ്ടെന്നും മാതാപിതാക്കളുടെ മരണത്തെ തുടർന്ന് മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നുമില്ലാത്ത കുമാരി.രാജേശ്വരിയ്ക്ക് മാനുഷിക പരിഗണന മുൻ നിർത്തി നിയമനം നൽകണമെന്നും എം.ഡി അഭ്യർത്ഥിച്ചിരിക്കുന്നു.

3) ഫയൽ അഭിപ്രായത്തിനായി പ്ലാനിംഗ് വകുപ്പിലേയ്ക്ക് അയച്ചിരുന്നു. പ്രസ്തുത വകുപ്പിൽ നിന്നും ലഭ്യമായ അഭിപ്രായം താഴെ ചേർക്കുന്നു .

"മരണമടഞ്ഞ വി.വിശ്വംഭരനെ സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ തീരുമാനം ഇല്ലാത്തതിനാൽ ജി.ഒ(പി) നം.32/2007/Plg dated 07.06.2007 പ്രകാരം കുമാരി രാജേശ്വരി ആശ്രിതനിയമനത്തിന് അർഹയല്ല. എന്നാൽ മാതാപിതാക്കളുടെ

മരണത്തെത്തുടർന്ന് മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നുമില്ലാത്ത കുമാരി രാജേശ്വരിയ്ക്ക് മാനുഷിക പരിഗണന നൽകി നിയമനം നൽകണമെന്ന് ഭരണ വകുപ്പ് കരുതുന്നപക്ഷം ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭയുടെ അംഗീകാരത്തോടെ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

4) കെ.എസ്.എഫ്.ഡി.സി യിലെ നിയമനം 17.1.1979 മുതൽ പി.എസ്സ്.സി യ്ക്ക് കൈമാറിയിരുന്നു. എന്നാൽ കെ.എസ്.എഫ്.ഡി.സി ഡയറക്ടർ ബോർഡ് യോഗ തീരുമാന പ്രകാരം നിയമിച്ചതും 10 വർഷത്തിൽ കൂടുതൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ കോർപ്പറേഷനിൽ സേവനം ചെയ്തിരുന്നതുമായ ആകെ 80 ജീവനക്കാരെ 30.09.2015 ലെ സ.ഉ.(എം.എസ്) നം.29/2015/സാം.കാ.വ., 12.11.2015-ലെ സ.ഉ(എം.എസ്) നം.38/2015/ സാം.കാ.വ എന്നിവ പ്രകാരം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിനായി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ചിരുന്ന ലിസ്റ്റിൽ നിന്നും റിട്ടയർ ചെയ്തവരെയും മരണപ്പെട്ടവരെയും ഒഴിവാക്കിയിരുന്നു. ആയതിനാലാണ് കുമാരി രാജേശ്വരിയുടെ പിതാവായ വിശ്വംഭരന്റെ പേരും ഒഴിവാക്കുവാൻ ഇടയായത്. എന്നാൽ റഗുലറൈസേഷൻ ലഭിച്ചിട്ടില്ലാത്ത ജീവനക്കാരുടെ ആശ്രിതർക്കും നിയമനം നൽകി സർക്കാർ ഉത്തരവ് ലഭിച്ചിട്ടുള്ളതായി എം.ഡി, കെ.എസ്.എഫ്.ഡി.സി അറിയിച്ചിട്ടുണ്ട്.

5) പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

മാതാപിതാക്കളുടെ മരണത്തെത്തുടർന്ന് മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നുമില്ലാത്ത കുമാരി രാജേശ്വരി വി.എസിന് മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പ്യൂൺ തസ്തികയിൽ നിയമനം നൽകാവുന്നതാണോ?